ബി3/25468/2004/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 31/01/2015

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - സർക്കാർ കലാലയങ്ങളിലെ പൊതു വിഭാഗത്തിൽപ്പെട്ട സെലക്ഷൻ ഗ്രേഡ് ലക്ചറർമാരുടെ 14/03/1990 പ്രാബല്യത്തിലുള്ള സംയോജിത മുൻഗണനാ പട്ടിക (12/12/1985 വരെ പി.എസ്.സി അഡ്വൈസ് ചെയ്യപ്പെട്ടവർ) - കൂട്ടിച്ചേർക്കൽ - സംബന്ധിച്ച്.

സൂചന:-
1. ഈ കാര്യാലയത്തിലെ 27/01/2004-ലെ ഉത്തരവ് നം. ബി3-36704/2002/കോ.വി.വ
2. ഈ കാര്യാലയത്തിലെ 15/03/2014 - ലെ ഇതേ നമ്പർ ഉത്തരവ്.
3. അദ്ധ്യാപകരുടെ നിവേദനം.

സർക്കാർ കലാലയങ്ങളിലെ പൊതു വിഭാഗത്തിൽപ്പെട്ട സെലക്ഷൻ ഗ്രേഡ് ലക്ചറർ മാരുടെ 14/03/1990 പ്രാബല്യത്തിലുള്ള സംയോജിത മുൻഗണനാ പട്ടിക സൂചന (1) ഉത്തരവു പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു (12/12/1985 വരെ പി.എസ്.സി അഡ്വൈസ് ലഭിച്ചവർ). 2014 വർഷത്തെ പ്രിൻസിപ്പാൾ പ്രമോഷൻ നൽകുന്നതിന് സൂചന (1) ഉത്തരവിലെ അർഹരായവരുടെ പട്ടിക കൂട്ടിച്ചേർക്കൽ സഹിതം സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത സംയോജിത മുൻഗണനാ പട്ടികയിൽ പേരു കൂട്ടിച്ചേർക്കുന്നതിനായി സൂചന (3) പ്രകാരം ലഭിച്ച അപേക്ഷ പരിഗണിച്ച് സൂചന (2) ഉത്തരവിൽ കൂട്ടിച്ചേർക്കൽ വരുത്തി, 2015-16 വർഷത്തിൽ പ്രിൻസിപ്പാൾ പ്രമോഷന് അർഹതയുള്ള സൂചന (2) ഉത്തരവിൽ ശേഷിക്കുന്നവരുടെ പട്ടിക പ്രസിദ്ധീകരിക്കുന്നു. ആയതു പ്രകാരമുള്ള കൂട്ടിച്ചേർക്കൽ അംഗീകരിച്ച് ഉത്തരവാകുന്നതിൽ ഇതുമായി ബന്ധപ്പെട്ട ആർക്കെങ്കിലും പരാതിയോ അക്ഷേപമോ ഉണ്ടെങ്കിൽ അവ തെളിയിക്കുന്നതിനുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 20/02/2015 - നു മുൻപായി ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പരാതികൾ ലഭിച്ചാൽ അവ പരിശോധിച്ച ശേഷവും പരാതികൾ ഇല്ലെങ്കിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് ബന്ധപ്പെട്ട എല്ലാ വരേയും അറിയിക്കുന്നു. 20/02/2015 - നു ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. അതാത് സ്ഥാപന മേധാവികൾ ഡെപ്യൂട്ടേഷനിലും അവധിയിലും ആയിരിക്കുന്നവർ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാവരേയും ഈ വിവരം ഉടനെ അറിയിക്കേണ്ടതും ബോധ്യപ്പെടൽ ഒപ്പു വാങ്ങി സൂക്ഷിക്കേണ്ടതും നിശ്ചിത സമയക്രമം പാലിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| റാങ്ക് നം. | പേര് | വിഷയം | ജനന തീയതി | പി.എസ്.സി അഡ്വൈസ് തീയതി, സർക്കാർ ഉത്തരവ് തീയതി | സെലക്ഷൻ ഗ്രേഡ് പ്ലേസ്മെന്റ് തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 749 | എസ്.ഭദ്ര | ഇംഗ്ലീഷ് | 25/04/1960 | 16/07/1983 | 02/11/1997 | 2014 വർഷത്തിൽ പ്രൊമോഷൻ നിരസിച്ചിരുന്നു. |
| 783 (ബി) | പി.ഗീത | ഫിസിക്സ് | 01/06/1959 | 11/11/1983 | 27/07/1998 | 27/06/2014 - ലെ അപേക്ഷ പ്രകാരം ഉൾക്കൊള്ളിക്കുന്നു. |
| 830 (ബി) | ആനി മേരി പെട്രീഷ്യ | സൈക്കോളജി | 12/02/1960 | 15/11/1984 | 27/07/1998 | 2014-ൽ പ്രൊമോഷൻ നിരസിച്ചിരുന്നു. |
| 842 | ടി.ആർ.ജയകുമാരി | ബോട്ടണി | 25/05/1960 | 19/02/1985 | 14/11/1998 | |
| 853 (എ) | ഡോ.ടി.രാജൻ | പൊളിറ്റിക്സ് | 14/10/1959 | 10/09/1985 | 27/07/1998 | |
| 853 (എ1) | ബാബുസെബാസ്റ്റ്യൻ | കൊമേഴ്സ് | 30/05/1961 | 13/09/1985 | 27/07/1998 | സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള നിയമനം |
| 854(2) | കെ.ശ്രീമതിക്കുട്ടി | ജിയോളജി | 16/05/1959 | 14/10/1985 | 17/09/1998 | |
| 854(3) | കെ.ജി.സുധാറാണി | മാത്തമാറ്റിക്സ് | 15/05/1960 | 14/10/1985 | 27/07/1998 | |
| 854 (എ) | ഇ.കെ.പങ്കജാക്ഷൻ | കൊമേഴ്സ് | 12/04/1959 | 21/10/1985 | 31/12/1998 | |
| 858 | ആർ.ദയാനന്ദൻ | കൊമേഴ്സ് | 30/05/1959 | 28/11/1985 | 27/07/1998 | |

ഒപ്പ്/-
എം.നന്ദകുമാർ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

**<u>പകർപ്പ്:-</u>**

1. എല്ലാ സർക്കാർ ആർട്സ് & സയൻസ്/സംസ്കൃതം/മ്യൂസിക്/എഞ്ചിനീയറിംഗ്/ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾമാർക്ക്
2. സിസ്റ്റം മാനേജർ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. കരുതൽ ഫയൽ/നടപ്പ് ഫയൽ

//അംഗീകാരത്തോടെ//



സൂപ്രണ്ട്.